## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1089** **30.10.2019-ൽ മറുപടിക്ക്**

### മിനിമം വേതനം ഉറപ്പുവരുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ. ദാസൻ<br>„ ഒ. ആർ. കേളു : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പ് വരുന്നതിലേക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. |

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തൊഴിൽ മേഖലകളിലാണ് വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 30 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 4 മേഖലകളിൽ ആദ്യമായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.. |
| (സി) വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനവും സംബന്ധിച്ച് പരിശോധന നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുന്നതിലേക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട വേതനം അവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈൻ ആയി ലഭ്യമാകുന്നു. ഇതുമൂലം തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് സ്ഥാപന പരിശോധന കൂടാതെ തന്നെ പരിശോധിക്കുന്നതിനും സാധിക്കുന്നു. ജോലിക്കിടയിലെ പ്രശ്നപരിഹാരം, പരാതി എന്നിവയ്ക്കായി തൊഴിൽ വകുപ്പിൽ പ്രവർത്തിച്ചുവരുന്ന കോൾ സെന്ററുമായും ബന്ധപ്പെടാവുന്നതാണ്. സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ സ്ക്വാഡുപരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകൾ

| ക്രമ. നം. | തൊഴിൽ മേഖല |
|---|---|
| 1 | ഹോസ്റ്റൽസ് |
| 2 | ഐസ് ഫാക്ടറീസ് |
| 3 | സെയിൽ പ്രൊമോഷൻ ഫാർമസ്യൂട്ടിക്കൽസ് |
| 4 | പ്രിന്റിംഗ് പ്രസസ് |
| 5 | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് |
| 6 | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫന്റ്സ് |
| 7 | കെയിൻ ആന്റ് ബാംബു ഇൻഡസ്ട്രി |
| 8 | ആയുർവേദിക്ക് ആന്റ് അലോപ്പതിക് മെഡിസിൻ നിർമ്മാണം |
| 9 | ഷോപ്പ്സ് ഹോട്ടൽ ആന്റ് റസ്റ്റോറന്റ് |
| 10 | ഡൊമസ്റ്റിക് വർക്സ് |
| 11 | ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി |
| 12 | ഓയിൽമിൽ |
| 13 | ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി |
| 14 | സെക്യൂരിറ്റി സർവ്വീസ് |
| 15 | അഗ്രികൾച്ചറൽ ഓപ്പറേഷൻസ് |
| 16 | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് |
| 17 | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് |
| 18 | ഓയിൽപാം |
| 19 | പ്രൈവറ്റ് ഹോസ്പിറ്റൽസ് |
| 20 | ഫിഷ് പീലിംഗ്, ഫിഷ് കാനിംങ്, ഫിഷ് ഫ്രീസിംഗ് ആൻറ് എക്സ്പോർട്ടിംഗ് ഓഫ് സീഫുഡ്സ് |
| 21 | ഖാദി ഇൻഡസ്ട്രീസ് |
| 22 | ഹാൻഡ്ലൂം ഡൈലി, പീസ് റേറ്റ്സ് ആൻറ് മന്ത് ലി പെയ്ഡ് എംപ്ലോയീസ് |
| 23 | ഹാൻറിക്രാഫ്റ്റ് |
| 24 | മൈനർ പോർട്ട് |
| 25 | റബ്ബർ പ്രോഡക്റ്റ് ഇൻഡസ്ട്രീസ് |
| 26 | സിനിമാ തീയറ്ററുകൾ |

| | |
|---|---|
| 27. | ഫോറസ്റ്റ് |
| 28. | സ്വീപ്പിംങ് ആൻറ് ക്ലീനിംഗ് |
| 29. | ഫർണ്ണിച്ചർ ഇൻഡസ്ട്രി |
| 30. | റിവർ സാൻറ് കളക്ഷൻ |
| | സ്റ്റോൺ ബ്രേക്കിംഗ് & ക്രഷിംഗ് |
| | കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് ആൻറ് ബിൽഡിംഗ് ഓപ്പറേഷൻസ് |

| <u>**പുതുതായി മിനിമം വേതനം നിശ്ചയിച്ച മേഖലകൾ**</u> | |
|---|---|
| 1 | സ്കൂൾ പാചക തൊഴിലാളികൾ |
| 2 | ഫുട് വെയർ മാനുഫാക്ചറിങ്ങ് |
| 3 | ഫോട്ടോഗ്രാഫി ആൻഡ് വീഡിയോഗ്രാഫി |
| 4 | പേപ്പർ ഇൻഡസ്ട്രി |

സെക്ഷൻ ഓഫീസർ